# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 04-09-2014

## മുന്നിയൂർ സ്കൂളിലെ കെ കെ അനീഷിന്റെ മരണം: സമഗ്രാന്വേഷണം നടത്തണം; മാനേജർക്കെതിരെ കൊലക്കുറ്റത്തിന് കേസെടുക്കണം.

**-കെ എസ് ടി എ**

മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർസെക്കന്ററി സ്കൂളിലെ അധ്യാപകൻ കെ കെ അനീഷിന്റെ മരണത്തെ കുറിച്ച് സമഗ്രാന്വേഷണം നടത്തണമെന്നും മാനേജർക്കെതിരെ കൊലക്കുറ്റത്തിന് കേസെടുക്കണമെന്നും കെ എസ് ടി എ ആവശ്യപ്പെട്ടു. 2012 ൽ പെൻഷൻ സ്വകാര്യവൽക്കരണത്തിനെതിരായി നടന്ന സമരത്തിന് നേതൃത്വം കൊടുത്തതാണ് മാനേജരെ ചൊടിപ്പിച്ചത്. സ്കൂളിനുമുന്നിൽ സമരാഹ്വാനവുമായി സ്ഥാപിച്ച ബോർഡ് എടുത്തുമാറ്റണമെന്ന മാനേജരുടെ കൽപന അനീഷ് അനുസരിച്ചില്ല. അവസരം കിട്ടുമ്പോൾ ഇതിന് പകരം വീട്ടുമെന്ന് അന്നുതന്നെ ഈ മാനേജർ അനീഷിനെ ഭീഷണിപ്പെടുത്തുകയും ചെയ്തതാണ്. പ്രധാനാധ്യാപകൻ ഉൾപ്പെടെ മാനേജരുടെ പാർശ്വവർത്തികളായി പലരും സ്കൂളിലുണ്ട്. ഇവരെ ഉപയോഗിച്ച് അനീഷിനോടുള്ള പ്രതികാരത്തിന് പാത തേടുകയായിരുന്നു മാനേജർ. സ്കൂൾ ലബോറട്ടറിയിൽ ചെരിപ്പിട്ട് കയറിയതിന് അസഭ്യം പറഞ്ഞ പ്യൂണിന് മറുപടി നൽകുകമാത്രമാണ് അനീഷ് ചെയ്തത്. ആ പ്രശ്നം അന്നുതന്നെ സ്കൂളിൽ രമ്യമായി പരിഹരിക്കപ്പെട്ടതാണ്. പക്ഷേ, വൈകിട്ട് പ്രത്യേക പ്രശ്നങ്ങളൊന്നും കൂടാതെ സ്കൂളിൽ നിന്നും പോയ ജീവനക്കാരനെ കുബുദ്ധിയായ മാനേജർ ഒരു സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും തലക്ക് പരിക്കേൽപ്പിച്ചതായി വ്യാജ മെഡിക്കൽ സർട്ടിഫിക്കറ്റ് സംഘടിപ്പിക്കുകയും ചെയ്തു. ഇത്തരം വ്യാജ സർട്ടിഫിക്കറ്റ് നൽകിയ ഡോക്ടറുടെ നടപടിയും അന്വേഷണ വിധേയമാക്കേണ്ടതാണ്. ഈ വ്യാജ സർട്ടിഫിക്കറ്റിന്റെ ബലത്തിലാണ് ഈ അധ്യാപകനെ മാസങ്ങളോളം സസ്പെൻഷനിൽ നിർത്തിയത്. വസ്തുതാപരമല്ലാത്ത പ്രസ്തുത സസ്പെൻഷൻ പിൻവലിക്കാൻ തിരൂർ ഡി ഇ ഒ ഉത്തരവിട്ടതാണ്. എന്നാൽ ഇത് അനുസരിക്കാൻ ധാർഷ്ട്യക്കാരനായ മാനേജർ തയ്യാറായില്ല. വിദ്യാഭ്യാസമന്ത്രിയുടെ കൂടി ഇടപെടലിന്റെ വെളിച്ചത്തിലാണ് നട്ടെല്ലില്ലാത്ത വിദ്യാഭ്യാസ ഉപഡയറക്ടർ റിട്ടയർ ചെയ്യുന്നതിന് മുമ്പുള്ള മണിക്കൂറിൽ അനീഷിനെ പിരിച്ചുവിടാനുള്ള ഉത്തരവിന് അംഗീകാരം നൽകുന്നത്. ഇതിനെതിരെ വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ അപ്പീലിന്മേൽ ഇതുവരെ തീരുമാനങ്ങളൊന്നും ആയിട്ടില്ല. ഇതിനും കാരണം സർക്കാർ ഇടപെടലാകാതിരിക്കാൻ തരമില്ല.

അനീഷിനെ തിരിച്ചെടുക്കാൻ താൻ ആലോചിച്ചിരുന്നെന്നാണ് ഇപ്പോൾ മാനേജരുടെ ഭാഷ്യം. അനീഷിന് പകരം പുതിയ അധ്യാപികയെ നിയമിച്ചുകഴിഞ്ഞ മാനേജരുടെ ഈ പ്രസ്താവനയുടെ പൊള്ളത്തരം നമുക്ക് തിരിച്ചറിയാം. അനീഷിന് ഉപജീവനത്തിനായി നൽകാൻ അധ്യാപരിൽ നിന്നും പിരിച്ച ഫണ്ടിനെ കുറിച്ചും ഈ മാനേജർ അധിക്ഷേപിക്കുകയാണ്. അനീഷിനെ തിരിച്ചെടുക്കാനുള്ള പ്രക്ഷോഭത്തോടൊപ്പം അദ്ദേഹത്തിന്റെ സംരക്ഷണം പൂർണമായും ഏറ്റെടുക്കാൻ തന്നെയാണ് സംഘടന തീരുമാനിച്ചത്. വിവിധ ഘട്ടങ്ങളിലുള്ള സമരങ്ങളാണ് കെ എസ് ടി എ സംഘടിപ്പിച്ചത്. സംസ്ഥാന-ജില്ലാതലങ്ങളിൽ ഏകദിന ഉപവാസ സമരം, മുന്നിയൂർ ഗ്രാമപഞ്ചാ.യത്ത് ആഫീസിന് മുന്നിൽ ദിവസങ്ങൾ നീണ്ട പ്രക്ഷോഭങ്ങൾ, അധ്യാപകരും സർവീസ് സംഘടനകളും ട്രേഡ് യൂണിയനുകളും സംയുക്തമായി നടത്തിയ പ്രതിഷേധ ധർണ.. ഇങ്ങനെ പ്രക്ഷോഭങ്ങളുടെ ഒരു നിര തന്നെ നടന്നുകഴിഞ്ഞു. സെപ്തംബർ 6 ന് മാനേജരുടെ വീടിന് മുന്നിൽ പട്ടിണി സമരവും സെപ്തംബർ 20 ന് ജില്ലാവിദ്യാഭ്യാസ ആഫീസുകൾ പിക്കറ്റിങ് തുടങ്ങിയ തുടർ സമരങ്ങളും ആസൂത്രണം ചെയിരുന്നു.

സ്കൂൾ മാനേജരുടെ ധാർഷ്ട്യത്തിന് വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടേയും വകുപ്പ് ഉദ്യോഗസ്ഥരുടെയും ശക്തമായ പിന്തുണയാണ് ലഭിച്ചത്. ഈ മരണത്തിൽ ഇക്കൂട്ടരുടെ പങ്കും അന്വഷണവിധേയമാക്കണം. അനീഷിന്റെ മരണത്തിലെ ദുരൂഹത പുറത്തുകൊണ്ടുവരണമെന്നും കെ എസ് ടി എ ആവശ്യപ്പെട്ടു.

പത്രസമ്മേളനത്തിൽ എ കെ ഉണ്ണികൃഷ്ണൻ, കെ എൻ സുകുമാരൻ, ഡി വിമല, കെ ബദറുന്നീസ, ടി വി മദനമോഹനൻ എന്നിവർ പങ്കെടുത്തു.

**എ കെ ഉണ്ണികൃഷ്ണൻ**
ജനറൽ സെക്രട്ടറി